കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് – മിനി മാർക്കറ്റ് നിർമ്മാണത്തിനായി 1.0137 ഹെക്ടർ ഭൂമി അക്വയർ ചെയ്യുന്നതിന് അവാർഡ് തുക വായ്പയെടുക്കുന്നതിന് ചാലക്കുടി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം:1274/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി: 4/5/2012**

---

**പരാമർശം:- 1. സ.ഉ (എം.എസ്) നം 147/2009/തസ്വഭവ തീയതി : 29/7/2009.**

**2. സ.ഉ (സാധാ)നം.3260/07/തസ്വഭവ തീയതി : 29/11/2007.**

**3. തൃശ്ശൂർ കോർപ്പറേഷൻ സ്പെഷ്യൽ തഹസീൽദാരുടെ 16/4/12-ലെ എ2-61/08 നമ്പർ കത്ത്.**

**4. 20/4/12, 3/5/12 എന്നീ തീയതികളിലെ ചാലക്കുടി നഗരസഭാ കൗൺസിൽ 1-ാം നമ്പർ തീരുമാനം.**

**5. നഗരകാര്യ ഡയറക്ടറുടെ 25/4/12-ലെ ജി3-6354/12 നമ്പർ കത്ത്.**

**<u>ഉത്തരവ്</u>**

**ചാലക്കുടി നഗരസഭയുടെ കീഴിൽ പോട്ടയിൽ മിനി മാർക്കറ്റ് നിർമ്മാണത്തിനായി മുകുന്ദപുരം താലൂക്കിൽ പേരാമ്പ്ര വില്ലേജിൽ സർവ്വേ നം. 133/04, 134/3,4 ആയി 1.0137 ഹെക്ടർ സ്ഥലം അക്വിസിഷൻ മുഖാന്തിരം ഏറ്റെടുക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതും പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുള്ളതുമാണ്. അപ്രകാരം അക്വിസിഷൻ പ്രവർത്തികൾ പൂർത്തീകരിച്ച് അവാർഡ് പാസ്സാക്കുന്നതിലേയ്ക്കായി 2,53,50,000/ – രൂപ സ്പെഷ്യൽ തഹസിൽദാർക്ക് (LA) തൃശ്ശൂർ കോർപ്പറേഷൻ അക്കൗണ്ടിൽ 2012 മെയ് 10-ാം തീയതിയ്ക്കകം കെട്ടി വയ്ക്കണമെന്ന് സ്പെഷ്യൽ തഹസിൽദാർ പരാമർശം (4) പ്രകാരം നഗരസഭയെ അറിയിച്ചിട്ടുണ്ട്. ടി മാർക്കറ്റ് നിർമ്മാണം മൂലം പ്രദേശവാസികൾക്ക് പ്രയോജനമുണ്ടാകുമെന്നും കൂടാതെ ടി മേഖലയുടെ വാണിജ്യ വികസനത്തിന് സഹായകമാകുമെന്നും ആയതിനാൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് അവാർഡ് തുക നൽകുന്നതിന് 2.5 കോടി രൂപ ചാലക്കുടി സർവ്വീസ് സഹകരണ ബാങ്ക് ആർ-192-ൽ നിന്നും വായ്പ സ്വീകരിക്കുന്നതിലേയ്ക്കായി ചാലക്കുടി നഗരസഭാ സെക്രട്ടറി സമർപ്പിച്ച അപേക്ഷ നഗരകാര്യ ഡയറക്ടർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.**

**2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചാലക്കുടി നഗരസഭയുടെ കീഴിൽ, പോട്ടയിൽ, മിനി മാർക്കറ്റ് നിർമ്മാണത്തിനായി മുകുന്ദപുരം താലൂക്കിൽ പേരാമ്പ്ര വില്ലേജിൽ സർവ്വേ നമ്പർ 133/04, 134/3,4 എന്നീ നമ്പരുകളിൽപ്പെടുന്ന 1.0137 ഹെക്ടർ സ്ഥലം അക്വിസിഷൻ മുഖാന്തിരം ഏറ്റെടുക്കുന്നതിന് അവാർഡ് തുക ഒടുക്കുന്നതിന് 2,50,00,000/- (രണ്ടു കോടി അമ്പത് ലക്ഷം) രൂപ ചാലക്കുടി സർവ്വീസ് സഹകരണ ബാങ്ക് ആർ-192-ൽ**

(... 2)

നിന്നും വായ്പ സ്വീകരിക്കുന്നതിലേയ്ക്കായി, പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി , ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം ചാലക്കുടി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
രാജേഷ്കുമാർ സിംഗ്
ഗവ.സെക്രട്ടറി

സെക്രട്ടറി, ചാലക്കുടി നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Prashad M.O

സെക്ഷൻ ഓഫീസർ.